## ക്ലാസ് 1
## ഉദ്ഗ്രഥിതം

**രക്ഷാകർത്താക്കളോട്**

കുട്ടികൾക്കായി പാട്ട് പാടി കൊടുക്കണം.
അവരോടൊപ്പം പാടണം.
അവരോട് വരികൾ വായിക്കാൻ ആവശ്യപ്പെടരുത്.

### പ്രവർത്തനം – 1

*ആംഗ്യങ്ങളോടെ പാടൂ.*

## ആന

**ആന നല്ല ആന**
**കറുകറുത്ത ആന**
**പാറ പോലെ വയറ്**
**വേര് പോലെ കൊമ്പ്**
**മുറം പോലെ കാത്**
**ചൂലു പോലെ വാല്**
**ആന മെല്ലെ വന്നു**
**ഞാൻ ഭയന്ന് ഓടി.**

*നിറം നൽകാം*



**രക്ഷാകർത്താക്കളോട്**

വർക്ക്ഷീറ്റിലെ നിർദേശങ്ങൾ കുട്ടികൾക്ക് വായിച്ചുനൽകണം

## പ്രവർത്തനം – 2

 **മിട്ടുപ്പൂച്ചയെയും**  **തങ്കുപ്പൂച്ചയെയും**

 **കിട്ടുക്കുരങ്ങനെയും ഓർമയില്ലേ?**

**കിട്ടുക്കുരങ്ങൻ ഏതു മരത്തിലായിരുന്നു ഇരുന്നത്?**
**ആ മരത്തിന്റെ ചിത്രം ചുവടെ നൽകിയിരിക്കുന്നു. നിറം കൊടുക്കൂ.**



***മരത്തിന്റെ പേരെഴുതിത്തരാൻ മുതിർന്നവരോട് പറയണേ.***

| |
|---|
| |

**രക്ഷാകർത്താക്കളോട്**

വലുത്, ചെറുത് എന്നിവ തിരിച്ചറിയാനുള്ള പ്രവർത്തനമാണിത്. നിർദേശങ്ങൾ കുട്ടികൾക്ക് വായിച്ചു കൊടുക്കണം.

## പ്രവർത്തനം - 3



**ചിന്നുവിനെയും**



**മിന്നുവിനെയും**

**ഓർമയില്ലേ കൂട്ടുകാർക്ക്?**

**ആരാണ് വലുത്?**

**ആരാണ് ചെറുത്?**

**(കുട്ടികൾ ഉത്തരം പറഞ്ഞശേഷം ചിന്നു ചെറുത് മിന്നു വലുത് എന്നു പറഞ്ഞുകൊടുക്കാം.)**

**ചിത്രത്തിൽ വലുതേത്? ചെറുതേത്?**

**വലുതിന് നിറം നൽകാം.**



**ചെറുതിനെ വട്ടത്തിലാക്കാം.**



**രക്ഷിതാക്കൾ പരിചിതമായ മറ്റു വസ്തുക്കളുടെ കൂടുതൽ ഉദാഹരണങ്ങൾ നൽകുമല്ലോ.**

## പ്രവർത്തനം - 4

**പൂവിന് നിറം നൽകാം.**



**ഒരു പൂവിന്റെ ചിത്രം സ്വന്തമായി വരയ്ക്കുക. നിറവും നൽകണം.**

## പ്രവർത്തനം – 5

**എണ്ണി നിറം നൽകാം.**

**പൂക്കളുടെ കൂട്ടം നോക്കൂ.**

**എണ്ണം നോക്കുക.**
**ആകെ എത്ര പൂക്കൾ?**



**3 പൂക്കൾക്ക് ചുവപ്പ് നിറവും 2 പൂക്കൾക്ക് നീല നിറവും നൽകൂ.**



**4 പൂക്കൾക്ക് നീല നിറവും 1 പൂവിന് ചുവപ്പ് നിറവും നൽകൂ.**

**2 പൂക്കൾക്ക് മഞ്ഞ നിറവും 1 പൂവിന് ചുവപ്പ് നിറവും 3 പൂക്കൾക്ക് ഓറഞ്ച് നിറവും നൽകൂ.**



**പ്രവർത്തനം – 6**

**വീട് വരച്ച് നിറം നൽകാം.**

**നമുക്കൊരു വീട് വരച്ചാലോ.**

**ചുവടെ ചേർത്തിരിക്കുന്ന ചിത്രങ്ങൾ നോക്കൂ.**



**വീടിന്റെ ചുമർ, മേൽക്കൂര, വാതിൽ, ജനൽ എന്നിവ കണ്ടല്ലോ. ഇവയെല്ലാം ഉൾപ്പെടുത്തി ഒരു വീട് വരയ്ക്കുക. നിറം നൽകി മനോഹരമാക്കുമല്ലോ?**

**CLASS 1**
**ENGLISH**

## ACTIVITY - 1

Join the dots and complete the picture.

കുത്തുകൾ യോജിപ്പിച്ച് ചിത്രം പൂർത്തിയാക്കണം. ചിത്രം പൂർത്തിയാക്കിയതിനുശേഷം ചിത്രത്തിനടിയിൽ bus എന്നെഴുതണം.



This is a bus

**മുതിർന്നവർക്കുള്ള നിർദേശം**

- ഓരോ പ്രവർത്തനവും കുട്ടികൾ തന്നെ പൂർത്തിയാക്കാൻ ശ്രദ്ധിക്കണം.
- ആവശ്യമാണെങ്കിൽ വേണ്ട സഹായം നൽകണം.
- പ്രവർത്തനത്തിന് മുൻപ് നൽകിയിട്ടുള്ള നിർദേശങ്ങൾ ആവശ്യമാണെങ്കിൽ പരിചയപ്പെടുത്തണം
- പൂർത്തിയായി കഴിഞ്ഞാൽ This is a bus എന്ന് വായിച്ചു കൊടുത്ത് കുട്ടിയെ കൊണ്ടു പറയിക്കുമല്ലോ?

## ACTIVITY - 2

നിങ്ങൾ ബസ് ഭംഗിയായി വരച്ചല്ലോ. നിങ്ങൾക്കൊരു സമ്മാനം ഉണ്ട്. എന്താണെന്നറിയണ്ടേ?

A car

Colour the car

കാറിന് ഇഷ്ടമുള്ള നിറം നൽകൂ.



This is a car

നിങ്ങൾ വരച്ച ചിത്രത്തിന് താഴെ car എന്നെഴുതൂ. എന്തു നിറമാണ് നൽകിയത്?

**മുതിർന്നവർ സഹായിക്കാൻ**

This is a car എന്ന് വായിച്ചു കൊടുക്കുമല്ലോ. നിറം നൽകി നിറം ചേർത്ത് a ................ car എന്നുകൂടി പറയിപ്പിക്കണം. ശരിയായ നിറത്തിന്റെ പേര് കണ്ടെത്താൻ സഹായിക്കുമല്ലോ.

ഉദാ:

മഞ്ഞ : Yellow

നീല : blue

ചുവപ്പ് : red

കറുപ്പ് : black

പച്ച : green

## ACTIVITY - 3

Mark a ✓ for the big

ഈ ചിത്രത്തിൽ ഏതാണ് വലുത്?

വലുത് ✓ ചെയ്യുക.



..... **Bus is big.**

....................



..... **Car is small.**

**മുതിർന്നവർ സഹായിക്കാൻ**

വലിയ ബസ് ✓ ചെയ്തുകഴിഞ്ഞാൽ Bus is big എന്നു പറഞ്ഞു കൊടുക്കണം. Bus is big എന്ന് നോക്കി എഴുതാൻ സഹായിക്കണം.

Bus is big

## ACTIVITY - 4

Mark a ✓for the small

ഈ ചിത്രത്തിൽ ഏതാണ് ചെറുത്?

ചെറുത് ✓ ചെയ്യുക.



.....

**Bus is big.**



.....

**Car is small.**

.......................

**മുതിർന്നവർക്ക്**

ചെറിയ കാർ ✓ചെയ്തുകഴിഞ്ഞാൽ Car is small എന്നു പറഞ്ഞു കൊടുക്കണം. Car is small എന്ന് നോക്കി എഴുതാൻ സഹായിക്കണം.

**Car is small.**

## ACTIVITY - 5

**Colour the big pictures among the following pairs.**

താഴെ തന്നിട്ടുള്ള ജോഡി ചിത്രങ്ങളിൽ വലുതിന് നിറം നൽകുക.

| | |
|---|---|
|  ബസ് bus |  കാർ car |
|  എലി (rat) |  പൂച്ച (cat) |
|  ആന (elephant) |  ആട് (goat) |
|  ഉറുമ്പ് (ant) |  തവള (frog) |

## ക്ലാസ് 2
## ഉദ്ഗ്രഥിതം

---

### പ്രവർത്തനം 1

### എന്റെ അവധിക്കാലം

കൂട്ടുകാരേ, ഈ അവധിക്കാലത്ത് ധാരാളം കാര്യങ്ങൾ വീട്ടിൽ ചെയ്തിട്ടുണ്ടാകുമല്ലോ? നിങ്ങൾ ചെയ്ത കാര്യങ്ങൾ മറ്റുള്ളവർ അറിയേണ്ടേ? അവരോടു പറയേണ്ട കാര്യങ്ങൾ എഴുതൂ.





അമ്മയോടൊപ്പം പച്ചക്കറിതൈ നട്ടു.

.....................................................................

.....................................................................

.....................................................................





.....................................................................

.....................................................................

.....................................................................

.....................................................................

.....................................................................

.....................................................................

.....................................................................

.....................................................................



**പ്രവർത്തനം 2**

**കളിഫോൺ നിർമാണം**

നിങ്ങൾ കൂട്ടുകാരുടെ വിശേഷങ്ങൾ എങ്ങനെയാണ് അറിയുക?



ഫോൺ വിളിക്കാറുണ്ടോ?

കളിഫോൺ നിർമ്മിച്ച് ഫോൺ വിളിച്ചത് ഓർക്കുന്നുണ്ടോ?

**ഒരു കളിഫോൺ നിർമിക്കൂ.**

തീപ്പെട്ടിക്കൂടോ, പേപ്പർ ഗ്ലാസോ ഉപയോഗിച്ച് മതി.

ഒന്നാം ക്ലാസിൽ കളിഫോൺ നിർമ്മിച്ചത് ഓർമയുണ്ടല്ലോ?

**പ്രവർത്തനം 3**

**സംഭാഷണരചന**

**കൂട്ടുകാരുമായി നിങ്ങൾ എന്തൊക്കെയാണ് സംസാരിക്കുന്നത്? എഴുതുക.**

ഞാൻ : ........................................................................................

കൂട്ടുകാരൻ : ........................................................................................

ഞാൻ : ........................................................................................

കൂട്ടുകാരൻ : ......................................................

ഞാൻ : ......................................................

കൂട്ടുകാരൻ : ......................................................



**പ്രവർത്തനം 4**

കളിഫോൺ നിർമിച്ചതുപോലെ വീട്ടിൽനിന്നും ചുറ്റുപാടുനിന്നും കിട്ടുന്ന വസ്തുക്കൾ ഉപയോഗിച്ച് എന്തൊക്കെ നിർമിക്കാം?

- ഇലകൾ, മച്ചിങ്ങ, ഈർക്കിൽ – കളിവണ്ടി
- കടലാസ് – തോണി, വിമാനം
- മണൽ – കളിവീട്
- ഓല, ഈർക്കിൽ – പമ്പരം, ഓലപ്പീപ്പി, കളിവാച്ച്, കണ്ണട

**മുതിർന്നവരുടെ സഹായത്തോടെ ഇവ നിർമിക്കുക.**

| **ഞാൻ ഉണ്ടാക്കിയ കളിപ്പാട്ടങ്ങളുടെ പേരും ചിത്രങ്ങളും** |
| --- |
| |

**പ്രവർത്തനം 5**



നിങ്ങൾ ഒരു ദിവസം എത്ര പ്രാവശ്യം കൈകഴുകും?

പല പ്രാവശ്യം കൈകൾ കഴുകി വൃത്തിയാക്കണേ.

**വ്യക്തിശുചിത്വം പാലിക്കാൻ വേറെ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യേണ്ടത്? എഴുതുക.**

### നല്ല ആരോഗ്യശീലങ്ങൾ

- ദിവസവും പല്ലു തേക്കും
- രണ്ടു നേരം കുളിക്കും
- 
- 
- 
- 
- 







**പ്രവർത്തനം 6**

**ഒളിഞ്ഞിരിക്കുന്നതാര്?**

പദപ്രശ്നങ്ങൾ പൂരിപ്പിക്കാൻ കൂട്ടുകാർക്ക് ഇഷ്ടമല്ലേ ?

**ചിത്രം നോക്കൂ. ഒളിഞ്ഞിരിക്കുന്നതാരെന്ന് കണ്ടെത്തി നിറം നൽകുക.**




തുക 10 വരുന്ന കളങ്ങളിൽ പച്ച നിറം

തുക 20 വരുന്ന കളങ്ങളിൽ മഞ്ഞ നിറം

തുക 9 വരുന്ന കളങ്ങളിൽ ചുവപ്പുനിറം

തുക 15 വരുന്ന കളങ്ങളിൽ നീല നിറം

തുക 12 വരുന്ന കളങ്ങളിൽ കറുപ്പുനിറം

**കണ്ടെത്തുന്ന ക്രിയകൾ ചുവടെയുള്ള കളത്തിൽ എഴുതുക.**

ഉദാ : -

7 + 3 = 10

**പ്രവർത്തനം 7**

നിങ്ങൾ പുസ്തകങ്ങൾ വായിക്കാറില്ലേ ?

ഏതൊക്കെ പുസ്തകങ്ങളാണ് കഴിഞ്ഞ ആഴ്ച വായിച്ചത് ?

**വായിച്ച പുസ്തകങ്ങളുടെ പേരെഴുതൂ...**

**പ്രവർത്തനം 8**

**കവിതയിൽ എന്തെല്ലാം ?**

ഈ കവിത വായിച്ചു നോക്കൂ. (മുതിർന്നവരുടെ സഹായം തേടാവുന്നതാണ്.)

## 1. എന്റെ കേരളം

പാടും പുഴകളും തോടും- മോടി
കൂടും മലരണിക്കാടും
നീളേ കളകളം പാടും- കാട്ടു-
ചോലയുമാമണിമേടും
വെള്ളിയരഞ്ഞാണുപോലേ- ചുറ്റും
തുള്ളിക്കളിക്കും കടലും
കായലും നീലമലയും- നീളേ
കോരിത്തരിക്കും വയലും
പീലിനിവർത്തിനിന്നാടും- കൊച്ചു
കേരമരതകത്തോപ്പും
നീളേ കുളിരൊളി തിങ്ങീ - എന്റെ
കേരളമെന്തൊരു ഭംഗി!

**ഗോപാലകൃഷ്ണൻ കോലഴി**

**ഇനി ഈണത്തിൽ ചൊല്ലിയാലോ?**

**കവിത ഈണത്തിൽ ചൊല്ലുക.**

**കവിതയിൽ എന്തൊക്കെ കാര്യങ്ങളാണ് പറഞ്ഞിരിക്കുന്നത് ? നാടിനെ സുന്ദരമാക്കുന്നത് എന്തെല്ലാമാണ്?**

| **കവിത വായിച്ചപ്പോൾ എനിക്കു മനസ്സിലായ കാര്യങ്ങൾ** |
|---|
| • എന്റെ നാട് ഭംഗിയുള്ളതാണ്.<br>•<br>•<br>•<br>•<br>•<br>• |



നാടിനെ സുന്ദരമാക്കുന്നത് എന്തെല്ലാമാണ്?

പദസൂര്യൻ പൂർത്തിയാക്കുക.



**പ്രവർത്തനം 9**

**വായിക്കാം..എഴുതാം..**

കവിതയിൽ പാടുന്ന പുഴകളെക്കുറിച്ചും മോടി കൂട്ടുന്ന മലരണിക്കാടുകളെക്കുറിച്ചും പറഞ്ഞിട്ടുണ്ട്.

**കവിതയിൽ പറഞ്ഞിരിക്കുന്ന മറ്റു കാര്യങ്ങൾ എഴുതുക.**

- പാടുന്ന പുഴ
- മോടി കൂട്ടുന്ന മലരണിക്കാട്
- കളകളം പാടും കാട്ടുചോല
- 
- 
- 



**പ്രവർത്തനം 10**

**നിറം നൽകാം ... മനോഹരമാക്കാം ...**

കവിതയിൽ പറഞ്ഞ നാടിനെക്കുറിച്ചുള്ള ചിത്രം നിങ്ങളുടെ മനസ്സിൽ തെളിഞ്ഞല്ലോ?

**ചുവടെയുള്ള ചിത്രം നിറംനൽകി മനോഹരമാക്കൂ.**



**ചിത്രത്തിൽ എന്തെല്ലാം ?**

- ഒരു വീട്
- കുഞ്ഞുവീട്
- ഓലമേഞ്ഞ കുഞ്ഞുവീട്
- വീടിനുമുന്നിൽ പുഴ
- നിറയെ വെള്ളമുള്ള പുഴ
- 
- 
- 

**പ്രവർത്തനം 11**

നിങ്ങളുടെ നാടും ഇതേപോലെയാണോ?

**നിങ്ങളുടെ വീടും ചുറ്റുപാടും ഒന്നു വരച്ചു നോക്കൂ. നിറം നൽകാൻ മറക്കരുതേ ...**

**പ്രവർത്തനം 12**

**ഗ്രാമത്തിലേക്ക്**

ചിത്രം നോക്കൂ..

അഭിനന്ദും നന്ദനയും അമ്മമ്മയുടെ ഗ്രാമത്തിലേക്കുള്ള യാത്രയിലാണ്. തിരക്കുള്ള പട്ടണത്തിൽനിന്ന് അവർ ഗ്രാമത്തിലെത്തി.



യാത്രയ്ക്കിടയിൽ അവർ കണ്ട കാര്യങ്ങൾ ചിത്രം നോക്കി എഴുതൂ.

പ്രവർത്തനം 13

കാഴ്ചകൾ പലതരം

പട്ടണത്തിലെയും നഗരത്തിലെയും കാഴ്ചകൾ പട്ടികയാക്കൂ.

| പട്ടണം | നാട്ടിൻപുറം |
|---|---|
| • കൂറ്റൻ കെട്ടിടങ്ങൾ<br>•<br>•<br>•<br>• | • പച്ചവിരിച്ച പാടങ്ങൾ<br>•<br>•<br>•<br>• |

## പ്രവർത്തനം 14
## ബലൂൺപാവകൾ

പട്ടണത്തിൽനിന്ന് അഭിനന്ദും നന്ദനയും വാങ്ങിയ ബലൂൺപാവകളാണ് ചുവടെ.
ബലൂൺപാവകളെ നോക്കൂ...
**വിട്ടുപോയ സംഖ്യകൾ പൂർത്തിയാക്കൂ...**




സംഖ്യകൾ തമ്മിലുള്ള ബന്ധം എന്താണ്? എഴുതി നോക്കൂ. ....

---------------------------------------------------------




സംഖ്യകൾ തമ്മിലുള്ള ബന്ധം എന്താണ്? എഴുതി നോക്കൂ. ....

---------------------------------------------------------




സംഖ്യകൾ തമ്മിലുള്ള ബന്ധം എന്താണ്? എഴുതി നോക്കൂ. ....

---------------------------------------------------------

ഇതുപോലെ നിങ്ങൾക്കിഷ്ടമുള്ള സംഖ്യകളെ ബന്ധപ്പെടുത്തി എഴുതൂ ...



സംഖ്യകൾ തമ്മിലുള്ള ബന്ധം : ---------------------------------

# CLASS 2
# ENGLISH

**ACTIVITY - 1**

**Colour the vegetables**

One day Bichu went to a vegetable shop. There were many vegetables in the shop.
Colour the vegetables in the vegetable shop.



**ACTIVITY - 2**

Help Bichu to match the picture with their names. One is done for you.













- tomato
- chilly
- pumpkin
- carrot
- lady's finger
- beetroot

**ACTIVITY - 3**

Bichu bought some vegetables from the shop. What are they? Some clues are given below. Find out the vegetables.

**1. Draw my picture**

My colour is orange.
Rabbits like me.
I am sweet.
Who am I?

**2. Write my name.**

I'm a soft vegetable.
I'm small.
I'm hot in taste.
My colour is green.
Who am I?

- - - - - - - - - -- - - - - - - - - -

**3.Draw a vegetable you like.**
**Name it and write about it**

..............................................
..............................................
..............................................
..............................................
..............................................

## ACTIVITY - 4

Bichu has a friend in his home. It is a puppy. At home Bichu spends a lot of time with his puppy. Now let's look what is it doing? Can we write them? One is done for you. Please write the others.



play

Puppy is playing.



eat

- - - - - - - - - -- - - - - - -



sleep

- - - - - - - - - -- - - - - - -



run

- - - - - - - - - -- - - - - - -



sit

- - - - - - - - - -- - - - - - -

# ക്ലാസ് 3
# മലയാളം

**പ്രവർത്തനം 1**

**മഴക്കാലം**



പെരുമഴ. പാടവും തോടും നിറഞ്ഞ് വെള്ളം വീടിന്റെ മുറ്റത്തേക്ക് കയറി. വീട്ടു പടിയിൽ ഉറങ്ങിക്കിടന്ന നായക്കുട്ടി നനഞ്ഞു. അവൻ പേടിച്ചു വിറച്ചു. 'അയ്യോ അമ്മേ...' നിലവിളി കേട്ട് അവന്റെ അമ്മ ഉണർന്നു. "എന്താ ജിബ്രൂ"? ഓ, തണുത്തു വിറയ്ക്കുന്നല്ലോ. അമ്മ അവനെ ചേർത്തണച്ചു. സൽമയും അച്ഛനുമമ്മയുമൊക്കെ നല്ല ഉറക്കമാണ്. വെള്ളം വീടിന്റെ ചെറിയ പടിയിൽ തൊട്ടു. ഉടനെ അവരെ വിവരമറിയിക്കണം. അവൾ നിർത്താതെ കുരച്ചു. ശബ്ദം കേട്ട് വീട്ടുകാർ ഉണർന്നു. സൽമ വാതിൽ തുറന്ന് പുറത്തേക്കിറങ്ങി. ജിബ്രു ഓടി വന്ന് അവളെച്ചേർന്നുനിന്നു. അവന്റെ അമ്മയും അവളെ തൊട്ടു നിന്നു. അവൻ തണുത്തും നനഞ്ഞും വിറയ്ക്കുന്നുണ്ടായിരുന്നു. സൽമ അവനെ കൈയിലെടുത്തു തലോടി 'ജിബ്രൂ'... അവൾ മെല്ലെ വിളിച്ചു.

കഥവായിച്ചല്ലോ,

അവർ മൂവരും എന്താണ് സംസാരിച്ചത്? എഴുതുക.



| സംഭാഷണം എഴുതുക |
| --- |
| |

**പ്രവർത്തനം 2**

മഴ മാറി. ഇനി എന്തായാലും ജിബ്രുവിനെയും അമ്മയെയും വീടിനു പുറത്തു കിടത്തണ്ട. അവർക്കായി ഒരു വീടു പണിയണം. ഒരു പുതിയ തരം വീടായാലോ? വീട് വരച്ചു നോക്കാം. നിറവും കൊടുക്കണം.

**പ്രവർത്തനം 3**

അങ്ങനെ ജിബ്രുവിന് പുതിയ വീടുകിട്ടി.

വീട് എങ്ങനെയുള്ളതാണ്?

മേൽക്കൂരനിർമിച്ചിരിക്കുന്നത് എങ്ങനെയാണ്?

വീടിനകത്തെന്തെല്ലാമുണ്ട്?

വാതിലുകളും ജനലുകളും നിർമിച്ചിരിക്കുന്നത് എന്തുപയോഗിച്ചാണ്?

നിങ്ങൾ വരച്ച ജിബ്രുവിന്റെ വീടിനെക്കുറിച്ച് എഴുതുക?

**പ്രവർത്തനം 4**

വീടിനകത്ത് ഓടിക്കളിക്കുകയാണ് സൽമയും ജിബ്രുവും ജിബ്രുവിന്റെ അമ്മയും.

സൽമ ഉറക്കെപ്പാടി.

***വീടൊരുങ്ങി വീടൊരുങ്ങി***
***ചന്തമുള്ള വീടൊരുങ്ങി***
***വീടിനുള്ളിൽ സ്നേഹമുണ്ട്.***
***വീട്ടുകാരും കൂട്ടിനുണ്ട്.***

ജിബ്രുവും അമ്മയും പാട്ടിനൊപ്പം കളിതുടങ്ങി. അതുകണ്ടപ്പോൾ സൽമ പിന്നെയും പാടി.

***അവർ പാടിയ വരികൾ തുടർന്നെഴുതുക?***
***ഈണത്തിൽ പാടുകയും വേണം.***

# CLASS 3
# ENGLISH

**ACTIVITY - 1**

**Look at this picture.**



1. What do you see in this picture?

   ..................................................................

2. How many animals are there in this picture?

   ..................................................................

3. Name the animals in the picture.

   - Elephant
   - .........................
   - .........................
   - .........................
   - .........................
   - Deer
   - .........................
   - .........................
   - .........................
   - .........................

## ACTIVITY - 2

**Draw and write.**

Here are some animals. What are they saying? Read it.

| | |
|---|---|
|  | I'm a cat.<br>I am a pet animal.<br>I like milk and fish. |
|  | I'm a strong animal.<br>I live in forest.<br>I am the king of forest. |

Now read the clues and draw the animal.

| | |
|---|---|
| I'm a big animal.<br>I live in forest.<br>I am black. | |

Now, what are they saying about themselves. Let us write.

| | |
|---|---|
|  | ...............................................<br>...............................................<br>............................................... |
|  | ...............................................<br>...............................................<br>............................................... |

**ACTIVITY - 3**

Here is a story of four friends. Who are they? A deer, a crow, a rat and a tortoise. Look at the pictures given. Did you get the story? Write the events under the pictures. You can select sentences from the box given below.



A deer, a crow, a rat and a tortoise were friends







- The rat broke the net with its sharp teeth.
- One day the crow and the tortoise saw the deer trapped in a net.
- The crow flew to the rat and told this.

## ക്ലാസ് 3
## പരിസരപഠനം

**പ്രവർത്തനം 1**

അമ്മിണി രാവിലെ എഴുന്നേറ്റ് മുറ്റത്തേക്കിറങ്ങി. പൂമ്പാറ്റകൾ പാറിക്കളിക്കുന്നു. ഇളം കാറ്റേറ്റ് ചെടികൾ മെല്ലെ ആടുന്നു. എത്ര സസ്യങ്ങളാണ് ചുറ്റുപാടും. വലുതും ചെറുതുമായി ഒരുപാട് സസ്യങ്ങൾ ... അമ്മിണി അവയെ കുഞ്ഞിക്കൈകൊണ്ട് പതുക്കെ തലോടി. ഹായ്, എന്തു രസം. അമ്മിണി മൂളിപ്പാട്ടും പാടി പറമ്പിലൂടെ ഓടിനടന്നു.

നമ്മുടെ വീട്ടുമുറ്റത്തും പറമ്പിലും ധാരാളം ചെടികളും മരങ്ങളും ഉണ്ടല്ലോ. **മുതിർന്നവരോടൊപ്പം വീടിനു ചുറ്റും നടന്ന് അവയുടെ പേരുകൾ ഒന്നെഴുതാമോ?**



| ചെടികൾ | മരങ്ങൾ |
|---|---|
| | |

ഇവയിൽ ഏത് ചെടിയോടാണ് നിങ്ങൾക്ക് കൂടുതൽ ഇഷ്ടം? **ആ ചെടിയുടെ ചിത്രം വരച്ച് അറിയാവുന്ന കാര്യങ്ങൾ എഴുതാമോ? നിറവും കൊടുക്കണേ.**

അമ്മിണി ഓടിക്കളിച്ചപ്പോൾ പെട്ടെന്ന് കാലിൽ മുള്ളുകുത്തി. താഴോട്ട് നോക്കിയപ്പോൾ ഒരു ചെടി ഉറങ്ങിവീഴുന്നു. കുറേ നേരം അവൾ ആ ചെടിയെ നോക്കിനിന്നു. അതാ .... ആ ചെടി ഉണർന്ന് പഴയതുപോലെ ആയി. അതിശയം കൊണ്ട് അവളുടെ കണ്ണുകൾ വിടർന്നു.

**നമ്മളും പലവട്ടം തൊട്ടുതളർത്തിയ ആ സസ്യത്തിന്റെ പേരെഴുതാമോ?**

**പ്രവർത്തനം 2**

ഈ ചിത്രം നോക്കൂ. ഇത് അമ്മിണിയുടെ വീട്ടുമുറ്റത്തെ തുളസിച്ചെടിയുടെ ചിത്രമാണ്.

തുളസിച്ചെടിയെക്കുറിച്ച് അമ്മിണി എഴുതിയത് വായിച്ചുനോക്കൂ.



**തുളസി**

ഔഷധസസ്യങ്ങളിൽ പ്രധാനിയാണ് തുളസിച്ചെടി. പ്രധാനമായും രണ്ടു തരത്തിലാണ് തുളസിച്ചെടി കണ്ടുവരുന്നത്. രാമതുളസിയും കൃഷ്ണതുളസിയും. നല്ല സുഗന്ധവും ഔഷധഗുണവുമുണ്ട്. പുരയിടങ്ങളിൽ വിത്ത് വീണ് തനിയെ സസ്യങ്ങൾ മുളച്ചുവരും. പൂക്കളും ഇലകളും മാല കോർക്കാൻ ഉപയോഗിക്കാറുണ്ട്.

ഇതുപോലെയുള്ള ഔഷധസസ്യങ്ങൾ ധാരാളം നിങ്ങളുടെ വീട്ടുമുറ്റത്തുമില്ലേ? **അമ്മിണി എഴുതിയത് പോലെ അവയിൽ 3 എണ്ണത്തിന്റെ പേരും അതിന്റെ പ്രത്യേകതയും എഴുതിനോക്കൂ ... ചിത്രം കൂടി വരയ്ക്കണേ ...**

**പ്രവർത്തനം 3**

നമ്മുടെ ചുറ്റുപാട് എത്ര മനോഹരമാണ്! പല നിറത്തിലും വലുപ്പ ത്തിലും ആകൃതിയിലുമുള്ള ധാരാളം ചെടികളും മരങ്ങളും കാണു ന്നില്ലേ?

നിങ്ങൾക്കറിയാവുന്ന 10 ചെടികളുടെ/മരങ്ങളുടെ പേരെഴുതാമോ?

- 
- 
- 
- 
- 
- 
- 
- 
- 
- 
- 
- 
- 
- 

ഇലകളുടെ നിറത്തിന്റെ അടിസ്ഥാനത്തിൽ ഇവയെ വേർതിരിക്കാമോ?

| പച്ചനിറമുള്ളവ | പച്ചനിറമില്ലാത്തവ |
|---|---|
| | |

നാം സസ്യങ്ങളെ വളർത്തുന്നത് വിവിധ ആവശ്യങ്ങൾക്ക് വേണ്ടിയാ ണ്. **എന്തൊക്കെയാണ് ആവശ്യങ്ങൾ?**

- ഇലകൾക്ക്
- പൂക്കൾക്ക്
- 
- 
- 

ചുറ്റുപാടുമുള്ള സസ്യങ്ങൾ നിരീക്ഷിച്ചും മുതിർന്നവരോട് ചോദിച്ചും **ചുവടെയുള്ള പട്ടിക പൂർത്തിയാക്കുക.**

**അനുയോജ്യമായ കോളങ്ങളിൽ (✓) നൽകണം.**

| സസ്യത്തിന്റെ പേര് | ഇലകൾക്ക് | പൂക്കൾക്ക് | കായ്കൾക്ക് | തടിയ്ക്ക് |
|---|---|---|---|---|
| തെങ്ങ് | ✓ | ✓ | ✓ | ✓ |
| റോസ | | ✓ | | |
| | | | | |
| | | | | |
| | | | | |
| | | | | |

**കൂടുതൽ സസ്യങ്ങൾ ഉൾപ്പെടുത്തി പട്ടിക വിപുലപ്പെടുത്തൂ.**

| | | | | |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

പ്രവർത്തനം 4

**ലോകപ്രശസ്തനായ ഒരു പരിസ്ഥിതി പ്രവർത്തകനെ നമുക്ക് പരിചയപ്പെടാം.**

## കല്ലേൻ പൊക്കുടൻ



***ജനനം :*** *1937–ൽ കണ്ണൂർ ജില്ലയിൽ*

***മരണം :*** *2015 സെപ്റ്റംബർ 27–ന്*

***പ്രധാന പുരസ്കാരങ്ങൾ***

- *വനമിത്ര പുരസ്കാരം*
- *പി.എസ്. ഗോപിനാഥൻ നായർ പരിസ്ഥിതി പുരസ്കാരം*
- *കണ്ണൂർ സർവകലാശാല ആചാര്യ പുരസ്കാരം*

1989–ൽ പഴയങ്ങാടി - മുട്ടുകണ്ടി ബണ്ടിന്റെ കരയിൽ കണ്ടൽ ചെടികൾ വെച്ചുപിടിപ്പിച്ചാണ് കല്ലേൻ പൊക്കുടൻ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. സ്കൂളിലേക്ക് പോകുന്ന കുട്ടികൾ പാടത്ത് വശങ്ങളിലുള്ള വഴികളിലൂടെ സഞ്ചരിക്കുമ്പോൾ കാറ്റ് ശക്തിയായി വീശുന്നതുകൊണ്ട് ബുദ്ധിമുട്ടിയിരുന്നു. മഴക്കാലത്ത് പുഴയിലെ തിരകൾ ശക്തി കൂടി വരമ്പിലിടിച്ച് ഈ വഴി തകരുന്നതും പതിവായിരുന്നു. ഇതിനൊരു പരിഹാരമെന്ന നിലയിലാണ് പൊക്കുടൻ ആദ്യമായി കണ്ടൽ ചെടികൾ വെച്ചുപിടിപ്പിച്ചു തുടങ്ങിയത്. ചെടികൾ വളർന്ന് പുതിയൊരു കാഴ്ചയായി.

അഞ്ഞൂറ് കണ്ടൽ ചെടികൾ നട്ടാണ് കല്ലേൻ പൊക്കുടൻ പരിസ്ഥിതി പ്രവർത്തനം തുടങ്ങിയത്. കത്തുന്ന വെയിലിൽ അലഞ്ഞുനടന്ന് വിത്തുകൾ ശേഖരിക്കും. ബണ്ടിനരികിൽ കൊണ്ടുവന്ന് നടും. പിന്നെയുള്ള പല ദിവസം ഇതുവഴി നടക്കും, മുളച്ചുപൊന്തുന്ന ചെടികളിൽ ഒരെണ്ണം ചാഞ്ഞാലോ ചരിഞ്ഞാലോ ഉടൻ അത് നേരെയാക്കാൻ മുണ്ടുംകുത്തി പുഴയിലിറങ്ങും. കണ്ടൽ വളരുന്നതിനൊപ്പം പൊക്കുടന്റെ പേരും വളർന്നു. കേരളത്തിൽ ഒരു ലക്ഷത്തോളം കണ്ടൽ ചെടികളാണ് പൊക്കുടൻ നട്ടത്.

**പോസ്റ്റർ തയാറാക്കാം**

**പരിസ്ഥിതി സംരക്ഷണ പ്രവർത്തനത്തിനാവശ്യമായ ഒരു ബോധവത്കരണ പോസ്റ്റർ തയാറാക്കൂ.**

***കുറിപ്പ്*** **: അനുയോജ്യമായ പോസ്റ്റർ വാചകങ്ങൾ, ചിത്രങ്ങൾ, നിറം എന്നിവ നൽകി പോസ്റ്റർ ആകർഷകമാക്കണേ ...**

**പ്രവർത്തനം 5**

**ഇല 'മൃഗശാല' നിർമിക്കാം**

ഒരു ഇല 'മൃഗശാല' തയാറാക്കിയാലോ ....

നമുക്ക് ചുറ്റുമുള്ള സസ്യങ്ങളിലെ ഇലകൾ ഉപയോഗിച്ച് നിർമിച്ച ചില ജീവികളുടെ രൂപങ്ങളാണ് ചുവടെ.



ചുറ്റുപാടു നിന്നും സസ്യങ്ങളുടെ ഇലകൾ ശേഖരിക്കുക.

ജീവികളുടെ രൂപങ്ങൾ മുതിർന്നവരുടെ സഹായത്തോടെ തയാറാക്കി ഈ പേജിൽ ഒട്ടിക്കണം.

പേജിന്റെ വശങ്ങൾ നിറം നൽകി ആകർഷകമാക്കാൻ ശ്രമിച്ചുനോക്കൂ.

## ക്ലാസ് 3
## ഗണിതം

**പ്രവർത്തനം 1**

**എണ്ണം എഴുതാം**

മഞ്ചാടി, കല്ല്, മുത്ത് ഇവയിൽ ഏതെങ്കിലും കുറച്ച് എടുക്കുക. ഇത് താഴെ കാണിച്ചിരിക്കുന്ന രീതിയിൽ അടുക്കിവയ്ക്കണം.




ചിത്രത്തിലേതുപോലെ തുടർന്നു വരുന്ന കൂട്ടങ്ങളുടെയും ചിത്രം വരയ്ക്കൂ. ഓരോന്നിലെയും എണ്ണം ചുവടെ കളങ്ങളിൽ എഴുതൂ.



നാം ഇരട്ട സംഖ്യകളായാണ് കൂട്ടങ്ങളാക്കിയത്.

**ഈ സംഖ്യകളുടെ പ്രത്യേകത എഴുതൂ...**

ഇനി ചുവടെ കൊടുത്തിരിക്കുന്ന രീതിയിൽ അടുക്കിവയ്ക്കൂ.



ഓരോ കൂട്ടത്തേയും ഇരട്ടസംഖ്യകളുടേതുപോലെ തുല്യമായി വീതിക്കാൻ കഴിയുന്നുണ്ടോ?

എന്തുകൊണ്ട്? എഴുതുക

ഈ സംഖ്യകൾക്ക് പൊതുവായി പറയുന്ന പേര്?

ഈ സംഖ്യകളുടെ പ്രത്യേകത എഴുതുക.

**പ്രവർത്തനം 2**

20 മഞ്ചാടി എടുക്കൂ



ചിത്രത്തിൽ കാണുന്നതുപോലെ അടുക്കി

വയ്ക്കൂ.



ഇനി ഇവയെ നിങ്ങൾക്കിഷ്ടമുള്ള കൂട്ടങ്ങളാക്കി മാറ്റാം.

പക്ഷെ ഒരു കാര്യം ശ്രദ്ധിക്കണം.

എല്ലാ കൂട്ടത്തിലും ഉള്ള മഞ്ചാടികളുടെ എണ്ണം തുല്യമായിരിക്കണം

ഒരു ഉദാഹരണം നോക്കൂ.




20 നെ നാലിന്റെ തുല്യ കൂട്ടങ്ങളാക്കിയാണ് വീതിച്ചത്.

ഇനിയും ഏതൊക്കെ രീതിയിൽ 20 നെ തുല്യ കൂട്ടങ്ങളാക്കാം?

ഏതൊക്കെ സംഖ്യകളുള്ള കൂട്ടങ്ങൾ കിട്ടി?

എഴുതിയത് മുതിർന്നവരെ കാണിക്കൂ.

**പ്രവർത്തനം 3**

സംസ്ഥാനത്ത് ഒരാഴ്ചയിലെ ആദ്യത്തെ മൂന്നുദിവസം 62 പേർക്കാണ് കോവിഡ് -19 രോഗം ഭേദമായത്. ഞായറാഴ്ചയും ചൊവ്വാഴ്ചയും 23 പേർ വീതം, തിങ്കളാഴ്ച 16 പേർ എന്നിങ്ങനെയാണ് രോഗം ഭേദമായവരുടെ എണ്ണം. ബുധനാഴ്ച 32 പേർക്കും വ്യാഴാഴ്ച 24 പേർക്കും വെള്ളി, ശനി ദിവസങ്ങളിൽ 28 പേർക്കു വീതവും രോഗം ഭേദമായി.

വാർത്ത കേട്ടല്ലോ.

**ഓരോ ദിവസവും രോഗമുക്തി നേടിയവരുടെ വിവരം പട്ടികയിലെഴുതുക.**

| ദിവസം | രോഗം ഭേദമായ വരുടെ എണ്ണം |
|---|---|
| ഞായർ | |
| തിങ്കൾ | |
| ചൊവ്വ | |
| ബുധൻ | |
| വ്യാഴം | |
| വെള്ളി | |
| ശനി | |

- ഏറ്റവും കൂടുതൽ പേർ രോഗമുക്തി നേടിയത് എന്നാണ്?
- ഏറ്റവും കുറച്ചോ?
- ഈ ആഴ്ച രോഗമുക്തി നേടിയവർ എത്ര?

നിങ്ങൾ കണ്ടെത്തിയത് എങ്ങനെയാണ്? മറ്റേതെങ്കിലും രീതിയിൽ കണ്ടെത്താമോ?

- പട്ടിക അടിസ്ഥാനമാക്കി കൂട്ടുകാരോട് ചോദിക്കാനായി 5 ചോദ്യങ്ങളും ഉത്തരങ്ങളും ചുവടെ എഴുതുക.

പ്രവർത്തനം 4

**കളിപ്പാട്ടം വാങ്ങാൻ:**

അപ്പുവിന്റെ പിറന്നാളിന് കളിപ്പാട്ടം വാങ്ങാനായി അപ്പൂപ്പൻ 100 രൂപ നൽകി. അവനും അപ്പൂപ്പനും തൊട്ടടുത്ത കളിപ്പാട്ടക്കടയിലേക്ക് പോയി. ഹായ്!... എന്തെല്ലാം തരം കളിപ്പാട്ടങ്ങൾ.

ചുവടെ കളിപ്പാട്ടങ്ങളും അവയുടെ വിലയും നൽകിയിരിക്കുന്നു.


37 രൂപ


52 രൂപ


45 രൂപ


48 രൂപ


16 രൂപ


63 രൂപ


84 രൂപ


80 രൂപ


24 രൂപ


20രൂപ


51 രൂപ


55രൂപ

അപ്പു 100 രൂപയ്ക്ക് അവനിഷ്ടമുള്ള കളിപ്പാട്ടങ്ങൾ വാങ്ങി. ഏതൊക്കെ കളിപ്പാട്ടങ്ങളാണ് അവൻ വാങ്ങിയത്?

| അപ്പു വാങ്ങിയ കളിപ്പാട്ടങ്ങൾ | വില |
|---|---|
| 1 | |
| 2 | |
| കൊടുത്ത തുക | |

പ്രവർത്തനം 5

**ഈർക്കിൽ കളി (റാണിയും മക്കളും കളി)**

അനുവിന് ഓരോ കളിയിലും കിട്ടിയ പോയിന്റുകൾ കണ്ടെത്തി ചുവടെയുള്ള കളങ്ങളിൽ എഴുതുക. (വലിയ ഈർക്കിൽ നൂറിനെയും ചെറിയ ഈർക്കിലുകൾ ഒന്നുകളെയും സൂചിപ്പിക്കുന്നു. ഒരു വലിയ ഈർക്കിലും പത്തു ചെറിയ ഈർക്കിലുകളും ചെത്തി വൃത്തിയാക്കി വയ്ക്കണം)

| ഈർക്കിൽ | തുക | പോയിന്റ് |
|---|---|---|
| ▌ I | *100+1* | *101* |
| ▌ I I I | | |
| ▌ I I I I I I | | |
| ▌ I I I I I I I I | | |

ഇതുപോലെ നിങ്ങളും കളിച്ച് കിട്ടിയ പോയിന്റുകൾ ചുവടെയുള്ള പട്ടികയിൽ എഴുതുക.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |

ക്ലാസ് - 4
മലയാളം

പ്രവർത്തനം 1

**ആസ്വാദനക്കുറിപ്പ് തയാറാക്കാം**

അമ്മു സ്കൂളിലേക്കു പോകുന്ന വഴിയിൽ ഒരു അപ്പൂപ്പൻ മരച്ചുവട്ടിൽ അവശനായി കിടക്കുന്നതു കണ്ടു. "എന്തു ചെയ്യും" അവൾ ആലോചിച്ചു. "എന്റെ കൈയിലെ ചോറ് അപ്പൂപ്പന് കൊടുക്കാം അല്ലേ?" അവൾ സ്വയം പറഞ്ഞു. അമ്മു ചോറ് ആ അപ്പൂപ്പന് വച്ചു നീട്ടി... ആർത്തിയോടെ അപ്പൂപ്പൻ ആ ചോറു കഴിച്ചു. വിശപ്പ് അടങ്ങിയപ്പോൾ നന്ദിയോടെ ആ അപ്പൂപ്പൻ നോക്കി. അത് കണ്ട് അമ്മുവിന്റെ കണ്ണു നിറഞ്ഞു.

ഇത് അമ്മുവിന്റെ കാര്യം. കൂട്ടുകാരേ... നിങ്ങൾക്ക് അമ്മുവിനുണ്ടായ പോലത്തെ അനുഭവം ഉണ്ടായിട്ടുണ്ടോ?

**ഇത്തരത്തിലുള്ള ഒരു അനുഭവക്കുറിപ്പ് തയാറാക്കുക.**

**പ്രവർത്തനം 2**

**കുറിപ്പു തയാറാക്കാം**

നമുക്ക് ചുറ്റും ദുരിതം അനുഭവിക്കുന്നവരും വേദനിക്കുന്നവരും ഉണ്ട്. അവരെ നമ്മൾ എങ്ങനെയാണ് സഹായിക്കുക?

**പദസൂര്യൻ പൂർത്തിയാക്കുക.**




ഇത്തരത്തിൽ നിങ്ങളുടെ ജീവിതത്തിൽ ആരെയെങ്കിലും സഹായിക്കാൻ അവസരം ലഭിച്ചിട്ടുണ്ടോ? നിങ്ങൾ അവരെ എങ്ങനെയെല്ലാമാണ് സഹായിച്ചത്?

**പ്രവർത്തനം 3**

**ആസ്വാദനക്കുറിപ്പ് തയാറാക്കാം**

ചുവടെ തന്നിട്ടുള്ള കവിതാഭാഗം വായിക്കുക.

**മാരിക്കാറുകൾ മഴവില്ലാൽ**
**തോരണമാലകൾ തൂക്കുന്നു**
**മാനം പൂമഴ തൂവുന്നു,**
**മദ്ദളമിടികൾ മുഴക്കുന്നു.**
**തുമ്പികൾ തംബുരുമീട്ടുന്നു.**
**തുമ്പപ്പൂക്കൾ ചിരിക്കുന്നു.**



കവിതവായിച്ചല്ലോ

1. കവിതയ്ക്ക് യോജിച്ച തലക്കെട്ട് നൽകുക.

2. തംബുരു മീട്ടുന്നത് ആരാണ്?

3. മഴയ്ക്കു മുമ്പുള്ള എന്തെല്ലാം കാഴ്ചകളാണ് കവിതയിൽ പറയുന്നത്?

4. ഇത്തരം മഴക്കാല അനുഭവങ്ങൾ നിങ്ങൾക്കും ഉണ്ടാകുമല്ലോ?... നിങ്ങളുടെ ഒരു മഴക്കാല അനുഭവം ഓർമിച്ചെഴുതുക

**പ്രവർത്തനം – 4**

**അനുഭവക്കുറിപ്പ് എഴുതാം.**

പരീക്ഷകളില്ലാത്ത ഒരു മാർച്ച് മാസമാണ് കടന്നു പോയത്. കോവിഡ് ഭീതി യിലായ നാം അടച്ചുപൂട്ടി വീട്ടിലിരുന്നു. കോവിഡ് കാലത്തെ ഏറ്റവും ശ്രദ്ധേ യമായ ഒരു **അനുഭവക്കുറിപ്പ്** തയാറാക്കുക.

.

# CLASS 4
# ENGLISH

**ACTIVITY - 1**

Look at the picture. Ramu is trying to draw a picture of a garden.



- What do you see in the picture?

  a pond, . . . . . . . . . . . ., . . . . . . . . . . . ., . . . . . . . . . . .

- Can you help Ramu to complete his picture? Let's help him.
  - Draw a mango tree near the pond.
  - Will you draw a lotus flower?
  - Please draw some plants having flowers.
  - Can you draw some butterflies?
  - Draw some plants and trees wherever you like.

  Don't forget to colour the picture.

## ACTIVITY - 2



What is this picture about? What is this man doing? He is sowing seeds, isn't he?
Have you ever sown seeds?

Some activities related to farming are given below. Arrange the activities in proper order. You can number them correctly. One is done for you.

| | |
|---|---|
|  |  |
| ....... **planting** | ....... **manuring** |
|  |  |
| ....... **watering** | ....... **digging** |
|  |  |
| 6 **reaping** | ....... **sowing** |

## ACTIVITY - 3



Once there was a king. He wanted to know how his people are living. So the king disguised as a farmer and reached a village. There he saw an old man planting a mango sapling. The king asked. “What are you doing here?’’ “Planting a mango tree” the old man replied. “How old are you?’’ The king asked. “May be sixty or seventy, I am not sure”. He said. “Do you think you can enjoy the fruits of this tree before you die?’’ The king asked. The old man replied, “I have eaten a lot of mangoes so far in my life. Those mangoes are from trees which I did not plant. My father and grandfather planted them. From this tree my children and grand children will enjoy the fruits.”

Now answer the following questions.

- Who is disguised as a farmer?

  . . . . . . . . . . . . . . . . . . . . . . . . . .

- Why did the king disguise as a farmer?

  . . . . . . . . . . . . . . . . . . . . . . . . . .

- What was the old man doing?

  . . . . . . . . . . . . . . . . . . . . . . . . . .

## ACTIVITY - 4

Did you enjoy the story 'The king and an old man?'



♦ Choose the correct message of the story from the following. Mark √ for the correct answer.

- Old men do not plant trees. ☐
- Planting a tree, is not easy. ☐
- Importance of planting trees for next generation. ☐

**Prepare a poster based on this message.**

## ക്ലാസ് 4
## പരിസരപഠനം

**പ്രവർത്തനം 1**

**മത്സ്യത്തിന്റെ ആകൃതി**

പാചകം ചെയ്യാനായി മീൻ കഴുകി വൃത്തിയാക്കുകയായിരുന്നു അനൂപിന്റെ അമ്മ. അടുക്കളയിലെത്തിയ അനൂപ് അമ്മയോട് ചോദിച്ചു.

ഇതെന്താ അമ്മേ മത്സ്യത്തിന്റെ ആകൃതി ഇങ്ങനെയായത്?



**അമ്മ നൽകിയ മറുപടി എഴുതുക.**

- മത്സ്യത്തിന് തോണിയുടെ ആകൃതിയാണ്.
-
-
-
-
-

പ്രവർത്തനം 2

**ജീവികളും സവിശേഷതകളും**

ഒരു ജീവിക്ക് അതിന്റെ വാസസ്ഥലത്ത് ജീവിക്കാൻ സഹായകമായ സവിശേഷതകളുണ്ട്.

**ചിത്രത്തിലെ ജീവികളുടെ വാസസ്ഥലത്തിന് അനുയോജ്യമായ സവിശേഷതകൾ എഴുതുക.**

**അവസാനകോളത്തിൽ ഒരു ജീവിയുടെ ചിത്രം വരച്ച് സവിശേഷതകൾ എഴുതണേ.**

| | |
|---|---|
|  | |
|  | |
|  | |
|  | |
| | |

**ചിത്രങ്ങൾക്ക് നിറം നൽകൂ.**

**പ്രവർത്തനം 3**

**പരിസ്ഥിതിസംരക്ഷണം**

നമ്മുടെ ആരോഗ്യത്തെയും പരിസ്ഥിതിയെയും സംരക്ഷിക്കുന്നതിന് ധാരാളം പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. വീട്ടിലും നാട്ടിലും വിദ്യാലയത്തിലും നടപ്പിലാക്കിയ പ്രവർത്തനങ്ങളിൽ അറിയാവുന്നവ എഴുതുക.

- സുഭിക്ഷകേരളം പദ്ധതി
- വിഷരഹിത പച്ചക്കറി ഉൽപാദനം
-
-

**പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളുടെ പ്രചരണത്തിന് ഉപയോഗിക്കുന്ന മൂന്നോ നാലോ പ്ലക്കാർഡുകൾ തയാറാക്കുക.**

**പ്രവർത്തനം 4**

**ആവാസവ്യവസ്ഥ സംരക്ഷിക്കാം**

ചുവടെയുള്ള ചിത്രം നോക്കൂ.





മനുഷ്യന്റെ ചില പ്രവർത്തനങ്ങൾ ആവാസവ്യവസ്ഥയുടെ നാശത്തിനും നിലനിൽപിനും കാരണമാകുന്നുണ്ട്.

**ചിത്രങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.**

| **ആവാസവ്യവസ്ഥയുടെ നാശത്തിന് കാരണമാകുന്ന ഘടകങ്ങൾ** |
| --- |
| |
| **പരിസ്ഥിതി സംരക്ഷണത്തിനാവശ്യമായ പ്രവർത്തനങ്ങൾ എഴുതുക.** |
| |

**പ്രവർത്തനം 5**

**വേരുപടലങ്ങൾ**

നമ്മുടെ വീട്ടുമുറ്റത്തും പറമ്പിലും ധാരാളം സസ്യങ്ങളുണ്ടല്ലോ. അവയെ നാം സൂക്ഷ്മമായി നിരീക്ഷിച്ചിട്ടുണ്ടോ?

ഇലകൾ, വേരുകൾ, പൂക്കൾ, കായ്കൾ എന്നിവയിലെല്ലാം വ്യത്യസ്തമാണ് ഈ സസ്യങ്ങൾ.

വേരുകളുടെ ചിത്രങ്ങളാണ് ചുവടെ.





**നാരുവേരുപടലം, തായ്‌വേരുപടലം എന്നിവയുള്ള സസ്യങ്ങളുടെ പേരെഴുതുക.**

| | |
|---|---|
| **നാരുവേരുപടലമുള്ള സസ്യങ്ങൾ** | |
| **തായ്‌വേരുപടലമുള്ള സസ്യങ്ങൾ** | |

**പ്രവർത്തനം 6**

**ഇലകൾ**

വേരുകൾക്ക് മാത്രമല്ല, സസ്യങ്ങളുടെ ഇലകൾക്കും വ്യത്യാസമുണ്ട്.

ചുവടെയുള്ള ഇല നിരീക്ഷിക്കൂ.



ഇലയുടെ ഞരമ്പുകൾ വ്യക്തമായി കാണാൻ കഴിയുന്നുണ്ടോ?

ഇവയിലെ സിരകൾ വലക്കണ്ണികൾ പോലെയാണ് കാണുന്നത്.

**ഇതിന് പറയുന്ന പേരെഴുതൂ.**

**നിങ്ങൾക്കറിയാവുന്ന സസ്യങ്ങളെ സിരാവിന്യാസത്തിന്റെ അടിസ്ഥാനത്തിൽ പട്ടികയാക്കൂ.**

| | |
|---|---|
| | |
| | |
| | |
| | |
| | |

**പ്രവർത്തനം 1**

**ചതുരങ്ങൾ കണ്ടെത്താം.**

ചുറ്റുംകാണുന്ന ചതുരരൂപങ്ങളെ തിരിച്ചറിയാൻ നമുക്കറിയാം.

ചുവടെയുള്ള ചിത്രങ്ങളിൽ ഓരോന്നിലും പരമാവധി എത്ര ചതുരങ്ങളുണ്ടെന്ന് കണ്ടെത്തുക. എണ്ണി എഴുതുക

ചിത്രം 1



പരമാവധി ചതുരങ്ങളുടെ എണ്ണം

ചിത്രം 2



പരമാവധി ചതുരങ്ങളുടെ എണ്ണം

ചിത്രം 3



പരമാവധി ചതുരങ്ങളുടെ എണ്ണം

ചിത്രം 4



പരമാവധി ചതുരങ്ങളുടെ എണ്ണം

## പ്രവർത്തനം 2

### എത്രയെത്ര ത്രികോണങ്ങൾ

ചുവടെയുള്ള ചിത്രങ്ങളിൽ ഓരോന്നിലും പരമാവധി എത്ര ത്രികോണങ്ങളുണ്ട്? ചതുരങ്ങളുണ്ട്? കണ്ടെത്തി എഴുതുക.

ചിത്രം 1



ചിത്രം 2



ചിത്രം 3



ചിത്രം 4



| | ത്രികോണങ്ങളുടെ എണ്ണം | ചതുരങ്ങളുടെ എണ്ണം |
|---|---|---|
| ചിത്രം - 1 | | |
| ചിത്രം - 2 | | |
| ചിത്രം - 3 | | |
| ചിത്രം - 4 | | |

**പ്രവർത്തനം 3**



a) ***ആരോഗ്യ സംരക്ഷണത്തിന് എല്ലാവരും മാസ്ക് ധരിക്കണം.***

ഇതാണ് സർക്കാർ നിർദേശം.

നിർദേശം എല്ലാവരും പാലിക്കണം.

നിങ്ങളുടെ വീട്ടിൽ എത്ര ആളുകളുണ്ട്?

ഒരാൾക്ക് രണ്ടു മാസ്ക് വേണം.

ഒരു മാസ്കിന് എട്ടു രൂപയെങ്കിൽ നിങ്ങളുടെ കുടുംബത്തിലെ ഓരോ അംഗത്തിനും രണ്ടു വീതം മാസ്ക് വാങ്ങാൻ ആകെ എത്ര രൂപയാകും?

അംഗങ്ങളുടെ എണ്ണം

മാസ്ക് വാങ്ങാൻ ആവശ്യമായ തുക

**പ്രവർത്തനം 4**

ആമിനയുടെ സ്കൂളിൽ ആകെ 125 കുട്ടികളുണ്ട്

ഓരോ കുട്ടിക്കും രണ്ടു മാസ്ക് വേണം

ഒരു മീറ്റർ തുണികൊണ്ട് 10 മാസ്ക് നിർമിക്കാം. എന്നാൽ 125 കുട്ടികൾക്ക് രണ്ടു വീതം മാസ്ക് നിർമിക്കാൻ എത്ര മീറ്റർ തുണി വേണം?

എങ്ങനെ കണ്ടെത്താം?

എത്ര കുട്ടികൾക്ക് മാസ്ക് വേണം?

ഒരാൾക്ക് എത്ര മാസ്ക്?

125 കുട്ടികൾക്ക് എത്ര മാസ്കുകൾ?

ആകെ മാസ്ക്കുകൾക്ക് ആവശ്യമായ തുണി എത്ര?

ഒരു മീറ്റർ തുണിയുടെ വില 80 രൂപയാണ്. ആമിനയുടെ സ്കൂളിൽ മാസ്ക് നിർമിക്കാൻ ആവശ്യമായ തുണിക്ക് എത്ര രൂപയാകും?

ചുവടെയുള്ള കളത്തിൽ ക്രിയ ചെയ്ത് ഉത്തരം കണ്ടെത്തുക.



മാസ്ക് ജീവിത
ത്തിന്റെ ഭാഗമാക്കൂ...